**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **24-08-2022 - ൽ മറുപടിയ്ക്ക്**

**വടകര താലൂക്കിലെ വ്യവസായ വികസന ഓഫീസ് വഴിയുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വടകര താലൂക്കിലെ വ്യവസായ അഭിവൃദ്ധിക്കായി വ്യവസായ വികസന ഓഫീസ് മുഖേന എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നറിയിക്കാമോ; | (എ) | സംരംഭക സഹായ പദ്ധതി, പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി, പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് സ്കീം, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ്, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് എന്നീ പദ്ധതികൾ താലൂക്ക് വ്യവസായ വികസന ഓഫീസ് വഴി നടപ്പിലാക്കിവരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികളും ലോൺമേളകളും നടത്തിവരുന്നു. ഏകജാലക സംവിധാനം വഴി ലൈസൻസുകൾ ലഭ്യമാക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ട സഹായങ്ങളും ചെയ്തുവരുന്നു. |
| (ബി) | വടകര താലൂക്കിൽ നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | വടകര താലൂക്കിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖല സ്ഥാപനങ്ങൾ ഇല്ല. |
| (സി) | പ്രസ്തുത സ്ഥാപനങ്ങൾ മുഖേന എത്ര തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്; വിശദാംശം നൽകാമോ? | (സി) | വടകര താലൂക്കിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖല സ്ഥാപനങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ